പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **6919** 02 /11/2011 ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:

ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

കേന്ദ്രസർക്കാരിന്റെ NeGP (നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ വില്ലേജ് ആഫീസുകളിൽ നടന്നു വരുന്നു.
ഈ പദ്ധതിയിൻ പ്രകാരം വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വൽക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനസൗകര്യാർത്ഥം വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും അവിടെ നിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും, വേഗത്തിലും അഴിമതി രഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ജില്ലാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

~~സെക്ഷൻ ഓഫീസർ~~